**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4731** **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | യുവാക്കളെയും പുതു തലമുറയെയും ആകർഷിക്കുന്നതിന് സ്വയംതൊഴിൽ എന്ന നിലയിൽ സ്വാഭാവിക കുളങ്ങളിലും, കൃത്രിമ കുളങ്ങളിലും വിദേശ രാജ്യങ്ങളിൽ ആവശ്യക്കാരുള്ള ശുദ്ധജല മത്സ്യങ്ങളെയും, ഞണ്ടുകളെയും മറ്റും വളർത്തി കയറ്റി അയക്കുന്ന പദ്ധതികളോ സർക്കാർ സഹായങ്ങളോ നിലവിലുണ്ടോ, ഇല്ലെങ്കിൽ ആയത് പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ. ; | (ബി) | മത്സ്യ കയറ്റുമതി പ്രോത്സാഹിക്കുന്നതിനു സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കാൻ യുവ സംരംഭകരെ പ്രേരിപ്പിക്കുന്നതിന് ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരവും പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരവും കയറ്റുമതിക്ക് അനുയോജ്യമായ ഇനം മത്സ്യങ്ങൾ സ്വാഭാവിക കുളങ്ങളിലും, കൃത്രിമ കുളങ്ങളിലും വളർത്തിയെടുത്തു വിപണനം നടത്തുന്നതിനുതകുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. ആയതിന് യുവാക്കൾക്കും പുതുതലമുറക്കും അപേക്ഷിക്കാവുന്നതാണ്. എന്നാൽ കയറ്റുമതിക്ക് പ്രത്യേക പദ്ധതികളോ സഹായങ്ങളോ നിലവിലില്ലെങ്കിലും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ലഭ്യമാകുന്ന മുറക്ക് ആയത് സംസ്ഥാന / കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |
| (സി) | മത്സ്യ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പരമ്പരാഗത രീതികളിൽ നിന്നും മാറി വിദേശ വിപണി ലക്ഷ്യം വെച്ച് സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ യുവ സംരംഭകർക്ക് എന്തൊക്കെ സഹായങ്ങളാണ് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മത്സ്യ കയറ്റുമതി പ്രോത്സാഹിക്കുന്നതിനു സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കാൻ യുവ സംരംഭകരെ പ്രേരിപ്പിക്കുന്നതിന് ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരവും പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരവും കയറ്റുമതിക്ക് അനുയോജ്യമായ ഇനം മത്സ്യങ്ങൾ സ്വാഭാവിക കുളങ്ങളിലും, കൃത്രിമ കുളങ്ങളിലും വളർത്തിയെടുത്തു വിപണനം നടത്തുന്നതിനുതകുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. ആയതിന് യുവാക്കൾക്കും പുതുതലമുറക്കും അപേക്ഷിക്കാവുന്നതാണ്. എന്നാൽ കയറ്റുമതിക്ക് പ്രത്യേക പദ്ധതികളോ സഹായങ്ങളോ നിലവിലില്ലെങ്കിലും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | മുറക്ക് ആയത് സംസ്ഥാന / കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ

ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്നായി സംസ്ഥാനവിഷ്കൃത/ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു.ജനകീയ മത്സ്യകൃഷി പ്രകാരം അർദ്ധഊർജിത ശുദ്ധജല മത്സ്യകൃഷി, സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരുനെല്ലും ഒരുമീനും കൃഷി, അർദ്ധ ഊർജിത ഓരുജല മത്സ്യകൃഷി, ശാസ്ത്രീയ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു ചെമ്മീനും കൃഷി, ഞണ്ട് കൃഷി/കൊഴുപ്പിക്കൽ, പടുതാ കുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി, ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), ശുദ്ധജലത്തിലെ കൂട് കൃഷി, കല്ലുമ്മക്കായ കൃഷി തുടങ്ങി വിവിധ തരത്തിലുള്ള നൂതന മത്സ്യകൃഷിരീതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ പ്രകാരം മത്സ്യ കർഷകർക്ക് വിത്ത്, തീറ്റ, കുളങ്ങളുടെ നിർമ്മാണം, പരിപാലനം, മറ്റ് സാധന സാമഗ്രികളുടെ ലഭ്യത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി നൽകി വരികയും സാങ്കേതിക സഹായങ്ങളും മറ്റും ലഭ്യമാക്കുകയും പരിശീലനം നൽകുകയും ചെയ്തു വരുന്നുണ്ട്. തരിശായി കിടക്കുന്നതും എന്നാൽ മത്സ്യകൃഷിക്ക് അനുയോജ്യമായതുമായ തോടുകൾ, കൈവഴികൾ, കനാലുകൾ മുതലായ ജലാശയങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ജലാശയങ്ങളിൽ പ്രകൃതിദത്തമായ സാമഗ്രികൾ ഉപയോഗിച്ച് തടയണകൾ നിർമ്മിച്ച് മത്സ്യവിത്ത് നിക്ഷേപിച്ച് പരിപാലിച്ച് വളർത്തിയെടുക്കുന്ന എംബാങ്ക്മെന്റ് പദ്ധതിയും വിവിധ ജലാശയങ്ങളിൽ പെൻ (വളപ്പ്) നിർമ്മിച്ച് മത്സ്യവിത്ത് നിക്ഷേപിച്ച് വളർത്തിയെടുക്കുന്ന പെൻ കൾച്ചർ പദ്ധതിയും നടപ്പാക്കി വരുന്നു.

കൂടാതെ തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ),പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി, തുടങ്ങിയ 8 റിസർവോയറുകളിൽ കാർപ്പുകളും, തദ്ദേശീയ വിഭാഗത്തിൽ പെട്ട ക്യാറ്റ് ഫിഷ്, കുയിൽ മത്സ്യം,വരാൽ, കരിമീൻ, കല്ലേമുട്ടി തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അതുവഴി മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തി അവരുടെ ഉപജീവനം നടത്തുന്നതിന് സഹായകമാവുകയും ഉപഭോക്താക്കൾക്ക് നല്ലയിനം മത്സ്യങ്ങളുടെ ലഭ്യത ഉറപ്പ വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

വി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം,റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം വൈവിദ്ധ്യങ്ങളായിട്ടുള്ള അലങ്കാര മത്സ്യകൃഷി പദ്ധതികളും നടപ്പാക്കി വരുന്നു. നദികളിലും തോടുകളിലും മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായുള്ള റിസർവോയർ ഫിഷറീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യവിത്ത് ഉൽപാദിപ്പിക്കുന്നതിനായി നെയ്യാർ, കുളത്തുപ്പുഴ, വെസ്റ്റ്കല്ലട,പീച്ചി, തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. കൂടാതെ പോളച്ചിറ, പള്ളം, മീങ്കര കല്ലാനോട്, ഭൂതത്താൻകെട്ട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉത്പാദനശേഷി വർദ്ധിപ്പിച്ചു. നെയ്യാറിലും പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉത്പാദന ശേഷിയുള്ള ഓരോ ഗിഫ്റ്റ് ഹാച്ചറികൾ നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. കൂടാതെ അഴീക്കോട് ഹാച്ചറിയിൽ 10 ലക്ഷം ഉത്പാദന

ശേഷിയുള്ള പൊമ്പനോ ഹാച്ചറിയുടെ നിർമ്മാണവും പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ച മലമ്പുഴയിൽ 270 ലക്ഷം അടങ്കൽ തുകയിൽ നൈൽ തിലാപ്പിയ ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി വെസ്റ്റ് കല്ലടയിൽ 1250 ലക്ഷം രൂപ അടങ്കൽ തുകയുടെ ഗിഫ്റ്റ് ഹാച്ചറിയും ചെങ്കുളത്ത് 654.95 ലക്ഷം രൂപ അടങ്കൽ തുകയുടെ ഹാച്ചറിയും സ്ഥാപിക്കുന്നതിനായി നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ